**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ലാ പഞ്ചായത്ത് - പ്രോജക്ട് നമ്പർ 532/18 ജൈവ വാഴകൃഷി (അടങ്കൽ തുക 30 ലക്ഷം), പ്രോജക്ട് നമ്പർ 527/18 ജൈവ പച്ചക്കറികൃഷി (അടങ്കൽ തുക 20 ലക്ഷം) - കുടുംബശ്രീ മുഖേന നടപ്പാക്കാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ(സാധാ)നം.2640/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 27.10.2018**

==========================================================================

**പരാമർശം:** 1. കോഴിക്കോട് ജില്ലാ കളക്ടറുടെ 01.09.2018 തീയതിയിലെ 58704/2018/ഡിപിസി/കെകെഡി നമ്പർ കത്ത്.

2. കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.08.2018 തീയതിയിലെ പി6-3235/18 നമ്പർ കത്ത്.

3. 05.09.2018 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.33(i).

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലാ പഞ്ചായത്ത് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ട് നമ്പർ 532/18 ജൈവ വാഴകൃഷി (അടങ്കൽ തുക 30 ലക്ഷം), പ്രോജക്ട് നമ്പർ 527/18 ജൈവ പച്ചക്കറികൃഷി (അടങ്കൽ തുക 20 ലക്ഷം) എന്നീ പദ്ധതികൾ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്ന പരാമർശം (2) പ്രകാരം കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ, കോഴിക്കോട് ജില്ലാ കളക്ടർ സംസ്ഥാനതല വികേന്ദ്രീകൃത ആസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്നു.

2. ഇക്കാര്യം കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം പരിശോധിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ പരാമർശം (3) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് ,വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന പ്രോജക്ടുകൾ കുടുംബശ്രീ ഗ്രൂപ്പുകൾ മുഖേന നടപ്പിലാക്കാൻ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

| | | | |
|---|---|---|---|
| i | പ്രോജക്ട് നമ്പർ 532/18 | ജൈവ വാഴകൃഷി (വനിത) | അടങ്കൽ 30 ലക്ഷം രൂപ |
| ii | പ്രോജക്ട് നമ്പർ 527/18 | ജൈവ പച്ചക്കറി കൃഷി (വനിത) | അടങ്കൽ 20 ലക്ഷം രൂപ |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, കോഴിക്കോട്
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കോഴിക്കോട്
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ(ഡിഎ)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ